**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ അംഗീകരിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്നും നികുതി നിയമ നിർമാണത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് തുല്യ അവകാശമാണെന്നുമുള്ള സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാക്കറ്റിലാക്കി ലേബൽ പതിച്ച അരി, ഗോതമ്പ് അടക്കമുള്ള ധാന്യങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും പാക്കറ്റിലാക്കിയ തൈര്, മോര്, മീൻ, തേൻ, ശർക്കര, പനീർ, ലെസി, പപ്പടം തുടങ്ങിയവയ്ക്കും അഞ്ച് ശതമാനം നികുതി ബാധകമാക്കാൻ നാല്പത്തിയേഴാമത്തെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | “യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ"ക്ക് നേരത്തെ തന്നെ 5 ശതമാനം ജി.എസ്.ടി. ബാധകമായിരുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും ജി.എസ്.ടി. നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് സമർപ്പിച്ച ഭാഗിക റിപ്പോർട്ടിലെ ശിപാർശ പ്രകാരം നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇത് “2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2-ലെ ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ പാക്കറ്റിലാക്കിയ തൈര്, മോര്, മീൻ, തേൻ, ശർക്കര, പനീർ, ലെസി, പപ്പടം തുടങ്ങിയവയ്ക്കും അഞ്ച് ശതമാനം നികുതി ബാധകമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. അരി ഉൾപ്പെടെയുള്ള ബ്രാൻഡ് ചെയ്യപ്പെട്ടിട്ടുള്ള ചില സാധനങ്ങൾക്ക് നേരത്തെതന്നെ ജി.എസ്.ടി. ബാധകമായിരുന്നു. അടിസ്ഥാനപരമായി ഇതിന്റെ ഘടന മുൻകൂറായി പായ്ക്ക് ചെയ്ത് ലേബൽ ചെയ്തിട്ടുള്ളത് എന്നതാക്കി മാറ്റുകയാണുണ്ടായത്. |
| (സി) | സാധാരണക്കാരായ ജനങ്ങൾക്ക് അമിതമായ | (സി) | സാധാരണക്കാരുടെ ജീവിതത്തെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | നികുതിഭാരം അടിച്ചേൽപ്പിക്കുന്ന മേൽപറഞ്ഞ തീരുമാനത്തെ പ്രസ്തുത യോഗത്തിൽ സംസ്ഥാന സർക്കാർ എതിർത്തിരുന്നോയെന്ന് വ്യക്തമാക്കാമോ; | | ബാധിക്കുന്ന രീതിയിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വർദ്ധനവ് വരുത്തരുതെന്ന ശക്തമായ നിലപാട് ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-നെ അറിയിച്ചിട്ടുണ്ടായിരുന്നു. ആയത് 29-11-2021-ൽ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ചെയർമാന് എഴുതിനൽകുകയും ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയും ഈ വിഷയം ചൂണ്ടിക്കാണിച്ച് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | സുപ്രീം കോടതി വിധിയെ മുൻനിർത്തി പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെ തന്നെ നികുതിരഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനകൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 47-ാമത് ജി.എസ്.ടി. കൗൺസിൽ പരിശോധിക്കുകയും ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പാക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. |

സെക്ഷൻ ഓഫീസർ